# കേരളസർവകലാശാല

നം.പി.ആർ.142/2023 തിരുവനന്തപുരം, തീയതി: 14/07/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.കോം., എം.എ. ഹിസ്റ്ററി (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2018 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം എട്ടാം സെമസ്റ്റർ (റെഗുലർ–2019 അഡ്മിഷൻ, സപ്ലിമെന്ററി–2018 അഡ്മിഷൻ), ജൂലൈ 2023 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ ജൂലൈ 19ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ജർമ്മൻ A2 (Deutsch A2) കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ഹ്രസ്വകാല ജർമ്മൻ A2 (Deutsch A2) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A1 (Deutsch A1)/തത്തുല്യ യോഗ്യത, കോഴ്സ് ഫീസ്: 9000/-, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: 5.30 pm മുതൽ 7.00 pm വരെ (തിങ്കൾ മുതൽ വെള്ളി), ആകെ സീറ്റ്: 30. അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻഫീസ് 105 രൂപയുമാണ്. (payable at University Cash Counter or online) അപേക്ഷ ഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (https://www.keralauniversity.ac.in/dept/dept-home). പൂരിപ്പിച്ച അപേക്ഷകൾ 2023 ജൂലൈ 21 ന് വൈകിട്ട് 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

### കേരള വിദൂരവിദ്യാഭ്യാസം: യു.ജി./പി.ജി. പ്രോഗ്രാമുകളുടെ അഡ്മിഷൻ ആരംഭിച്ചു.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2023 – 2024 അദ്ധ്യയന വർഷം എട്ട് ബിരുദ ബിരുദാന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ ആരംഭിച്ചു. പൊളിറ്റിക്കൽ

സയൻസ്, ലൈബ്രറി സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടത്തുന്നത്. അപേക്ഷകൾ ആഗസ്റ്റ് 31 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സെപ്റ്റംബർ 5 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്.

ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റുവിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**